5. വ്യക്തികളിലെ അന്തർലീനമായ സർഗ്ഗശേഷികളെ പ്രോത്സാഹിപ്പിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുന്നതിനുള്ള ശ്രമമാണ് വ്യക്തി താൽപ്പര്യ പോഷണ പരിപാടികളിലൂടെ നടന്നു വരുന്നത്.

(സി) തുടർ വിദ്യാഭ്യാസ പദ്ധതിക്കായി ആദ്യമായി ഈ വർഷത്തെ (2003-04) ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ 40 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ നടന്നു വരുന്ന വിവിധ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും കേന്ദ്ര സംസ്ഥാന സർക്കാരിന്റെ മറ്റ് വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും വിദ്യാഭ്യാസ പ്രവർത്തനത്തിനുള്ള തുക ലഭ്യമാക്കാൻ ഒരു അനൗപചാരിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് ആരംഭിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

നോർക്ക വകുപ്പിന്റെ പ്രവർത്തനം അപര്യാപ്തമാണെന്ന ആക്ഷേപം

163 (3726) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ ജോലി സുരക്ഷിതത്വത്തിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) പ്രവാസി മലയാളികൾക്ക് ഉണ്ടാകുന്ന അത്യാപത്തുകളിൽ സഹായിക്കുന്നതിന് നോർക്ക വകുപ്പിന്റെ പ്രവർത്തനം തീരെ അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാനും പ്രവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവാസി മലയാളികൾ വിദേശങ്ങളിൽ ചെയ്യുന്ന ജോലികളെക്കുറിച്ച് സംസ്ഥാന സർക്കാരിന് വ്യക്തമായ രേഖകൾ ഒന്നുംതന്നെ ഇല്ല. ഓരോ പ്രവാസി മലയാളിയും അവരുടെ തൊഴിൽദായകരുമായി (Sponsor) ഏർപ്പെടുന്ന കരാറുകളുടെ അടിസ്ഥാനത്തിലാണ് ജോലി ചെയ്തു വരുന്നത്. അതിനാൽ പ്രവാസികളുടെ ജോലി സുരക്ഷിതത്വത്തിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് സാധ്യമല്ല.

(ബി&സി) നോർക്കാ വകുപ്പിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് അത്യാപത്തുകളിൽ പ്രവാസികൾക്ക് ആവശ്യം വേണ്ട സഹായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ ദുരന്തം, ഗുജറാത്തിലെ വർഗ്ഗീയകലാപം, ഇറാക്കിൽ അമേരിക്കയുടെ അധിനിവേശം തുടങ്ങിയ സമയങ്ങളിൽ നോർക്കാ വകുപ്പ് കൈക്കൊണ്ട നടപടികൾ പ്രവാസിമലയാളികൾക്കും നാട്ടിലുള്ള അവരുടെ ബന്ധുക്കൾക്കും വളരെ ഉപകാരപ്രദമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly